നെൽകൃഷിക്കാരെ സഹായിക്കാൻ പദ്ധതി

* 38 [38] ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീമതി കെ. ആർ. ഗൗരി :
ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് :
,, പി. സി. തോമസ് (കടുത്തുരുത്തി) :
,, ടി. കെ. ആറുമുഖൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽക്കൃഷി നഷ്ടമില്ലാതെ നടത്താൻ കൃഷിക്കാരെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം ;

(ബി) ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാൻ ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) കമ്മീഷന്റെ ശുപാർശകളെന്തെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഈ റിപ്പോർട്ടിലെ ശുപാർശകൾ എന്ന് നടപ്പാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) ഉണ്ട്, വിശദാംശങ്ങൾക്ക് രൂപം നൽകി വരുന്നതേയുള്ളൂ.

(ബി) കാർഷികോല്പാദന കമ്മീഷണർ ചെയർമാനായുള്ള ഒരു കമ്മിറ്റി റിപ്പോർട്ട് പരിശോധിച്ച് നിർദ്ദേശങ്ങൾ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തിലെ നെല്ലുല്പാദനവും അതു സംബന്ധമായ പ്രശ്നങ്ങളും പഠിച്ച് ദീർഘകാലാടിസ്ഥാനത്തിൽ നടപ്പാക്കേണ്ടതുൾപ്പടെയുള്ള ശുപാർശകൾ സമർപ്പിക്കാനായി കാർഷികോല്പാദക കമ്മീഷണറെ ഈയിടെ നിയോഗിക്കുകയുണ്ടായിട്ടുണ്ട്. ആ ശുപാർശകൂടി കണക്കിലെടുത്ത് പ്രശ്നമാകെ പരിശോധിച്ച് നടപടിയെടുക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(സി) നെൽക്കൃഷിച്ചെലവ്, നെല്ലിന്റെ വില, വളം, വിതരണം, കീടനാശിനികളുടെ വിതരണം, വിത്തുസംഭരണം, വിതരണം, ഓണാട്ടുകര, കുട്ടനാട് കോൾ മുതലായ മേഖലകളിലെ നെൽക്കൃഷി പ്രശ്നങ്ങൾ, കൂട്ടുകൃഷി കാർഷിക സേവന കേന്ദ്രങ്ങൾ, ഇരുപ്പുകൃഷി, കൃഷി എഞ്ചിനീയറിംഗ് കാർഷികോപകരണങ്ങൾ എന്നീ പ്രധാനമായുള്ള വിഷയങ്ങളെ സ്പർശിക്കുന്നതിനുപരിയിലധികം നിർദ്ദേശങ്ങൾ ഈ റിപ്പോർട്ടിലുണ്ട്.

(ഡി) അധികം താമസിയാതെ നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. വി. ജെ. തങ്കപ്പൻ : ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചപ്പോൾ നമ്മുടെ സംസ്ഥാനത്തെ നെൽകൃഷിക്കാർക്ക് ഗുണകരമായി അതിൽ ഒന്നുമില്ലാത്തതുകൊണ്ടോണോ പുതിയ കാർഷിക ഉൽപ്പാദന കമ്മീഷണറെ നിയമിച്ചിരിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : ബഹുമാനപ്പെട്ട എം. ജനാർദ്ദനൻ നായരെ ഏകാംഗ കമ്മീഷനായി നിയമിച്ചത് 1981ഫെബ്രുവരിയിലാണ്. 1981ആഗസ്റ്റിൽ അദ്ദേഹം സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചു. നെൽകൃഷിയെ സംബന്ധിച്ചിടത്തോളം 1980-81ലെ സാഹചര്യം അല്ല നിലവിലുള്ളത്. അതുകൊണ്ട് ആ റിപ്പോർട്ട് കുറച്ചുകൂടി കാലഘട്ടമനുസരിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വേണ്ടിയാണ് എ. പി. സി. യെ നിയമിച്ചത്.

ശ്രീ. വി. ജെ. തങ്കപ്പൻ : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം നെൽകൃഷിയെ പരിപോഷിപ്പിക്കുന്നതിനും നെൽകൃഷിക്കാരനെ സഹായിക്കുന്നതിനുംവേണ്ടി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട മന്ത്രിക്ക് നിഷേധിക്കാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : അത് ശരിയല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷിയെ സംബന്ധിച്ചിടത്തോളം വ്യാപകമായി സഹായിക്കാൻ കഴിഞ്ഞില്ലെങ്കിലും ചില പ്രത്യേക സ്ഥലങ്ങളിൽ പല സഹായങ്ങളും ചെയ്തുകൊണ്ടിരിക്കുകയാണ്. നാലു രൂപ വിലയുള്ള നെൽവിത്ത് ഒന്നരരൂപ വിലയ്ക്ക് കൃഷിക്കാർക്ക് നൽകുന്നുണ്ട്. കൃഷി നശിച്ചാൽ വിത്ത് സൗജന്യമായി നൽകുന്നുണ്ട്. വളം നൂറുപത്തഞ്ചു ശതമാനം സബ്സിഡിയായിട്ട് നെൽകൃഷിക്കാർക്ക് കൊടുക്കുന്നു. മുപ്പതിനായിരം കിലോ നെല്ല് മിനികിറ്റ് പദ്ധതിയനുസരിച്ച് സൗജന്യമായി നൽകുന്നുണ്ട്. കുട്ടനാട്ടിലെ പുഞ്ചകൃഷിക്കാർക്കും തൃശൂർ, പൊന്നാനി എന്നിവിടങ്ങളിലെ കോൾകൃഷിക്കാർക്കും വെള്ളായണി കായൽനിലങ്ങളിലെ കൃഷിക്കും പമ്പിംഗ് സബ്സിഡി നൽകുന്നുണ്ട്. അതുപോലെ രാസവളം സബ്സിഡിയായി നൽകുന്നുണ്ട്. മാത്രമല്ല, വിള ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. ഹ്രസ്വകാല വായ്പനൽകുന്നുണ്ട്. മുഞ്ഞപിടിച്ച് കൃഷിനശിക്കുകയാണെങ്കിൽ അൻപതുശതമാനം സബ്സിഡിയായി കീടനാശിനികൾ അനുവദിക്കുന്നുണ്ട്. സ്പ്രേയർ ഇരുപത്തഞ്ചു ശതമാനം വിലയ്ക്ക് നൽകുന്നുണ്ട്. ഇതെല്ലാം ഈ ഗവൺമെന്റ് ചെയ്യുന്ന കാര്യങ്ങളാണ്.

ശ്രീമതി കെ. ആർ. ഗൗരി : ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുവാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടോയെന്നായിരുന്നു ചോദ്യം. അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ ഇതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ടു തരാൻ ഏർപ്പെടുത്തിയിരിക്കുന്നുവെന്നാണ് മറുപടി പറഞ്ഞത്. ഈ നിയമസഭയുടെ ആവശ്യപ്രകാരം നിയമിച്ച ഒരു കമ്മീഷനാണ്. ആ കമ്മീഷൻ നൽകിയ റിപ്പോർട്ട് ആറു മാസത്തിനകം മേശപ്പുറത്തു വയ്ക്കണമെന്നാണ് റൂൾ. ഈ റൂളിൻപ്രകാരം ഇത് നടപ്പിലാക്കുവാൻ എന്താണ് ബുദ്ധിമുട്ട് ? അത് മാൻഡേറ്ററിയാണ്. ഇപ്പോൾ അഞ്ചുവർഷം കഴിഞ്ഞു. ആഗസ്റ്റ് അവസാനമാണ് റിപ്പോർട്ട് കിട്ടിയത്. ഒക്ടോബറിൽ ഞങ്ങൾ അധികാരത്തിൽനിന്ന് പോവുകയും ചെയ്തു. അതിനുശേഷം റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കാതിരിക്കുവാൻ കാരണമെന്താണ് ?

ശ്രീ. എൻ. സുന്ദരൻ നാടാർ : എല്ലാ റിപ്പോർട്ടുകളും മേശപ്പുറത്ത് വയ്ക്കണമെന്ന് നിർദ്ദേശമില്ല, നിർബന്ധവുമില്ല. ഗവൺമെന്റ് ആ റിപ്പോർട്ട് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതിനുശേഷമേ മേശപ്പുറത്തു വയ്ക്കണമോയെന്ന് തീരുമാനിക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ ഗൗരി : ജനാർദ്ദനൻ നായർ കമ്മിഷൻ റിപ്പോർട്ടിൽ കൃഷിക്കാരനെ സഹായിക്കുവാനുള്ള അനേകം വ്യവസ്ഥകളുണ്ട്. പുതിയ അഗ്രികൾച്ചറൽ പ്രാക്ടീസ് കേരളത്തിലെ എല്ലാകൃഷിക്കാരനും ബാധകമാകും. കുട്ടനാട്ടിലെയും വെള്ളായണിയിലെയും നിലങ്ങൾ മാത്രമല്ല, നാൽപതു ശതമാനം നെൽ ഉൽപ്പാദിപ്പിക്കുന്ന പാലക്കാടുംപ്പെടെയുള്ള സ്ഥലങ്ങളിലെ മുഴുവൻ കർഷകരെയും ബാധിക്കുന്ന കാര്യങ്ങളാണ്. ജനാർദ്ദനൻ നായർ മുമ്പ് കാർഷിക ഡയറക്ടറായിരുന്ന ആളാണ്. അദ്ദേഹം വളരെ വിവരമുള്ള ആളാണ്. അദ്ദേഹം തന്ന റിപ്പോർട്ട് ഈ മേശപ്പുറത്ത് വയ്ക്കുന്നതിന് എന്താണ് തടസ്സം ? ഈ റിപ്പോർട്ടിനുവേണ്ടി അദ്ദേഹത്തിനു അറുപതിനായിരം രൂപ കൊടുത്തതാണ്. ഇത് നിയമസഭയോട് കാണിക്കുന്ന അവഗണനയാണ്.

ശ്രീ. എൻ. സുന്ദരൻ നാടാർ : ഗൗരിയമ്മ മന്ത്രിയായിരുന്ന കാലത്ത് ഈ കമ്മിഷനെ നിയമിക്കുകയും റിപ്പോർട്ട് ലഭിക്കുകയും ചെയ്തതാണ്. ഗവൺമെൻറ് അതിനെക്കുറിച്ച് പഠിച്ചുകൊണ്ടിരിക്കുകയാണ്. കുട്ടനാട്, വെള്ളായണി എന്നീ സ്ഥലങ്ങളിലെ കൃഷിക്കാരെ മാത്രം സഹായിക്കുകയല്ല ഇതിന്റെ ഉദ്ദേശം. വ്യാപകമായി നെൽകൃഷിക്കാരെ സഹായിക്കുവാൻവേണ്ടി അടിയന്തിരമായ നടപടികളും സ്വീകരിക്കുവാൻ ഗവൺമെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. .....(ബഹളം)..... പഠിച്ചുകൊണ്ടിരിക്കുന്ന ഒരു റിപ്പോർട്ട് ഇപ്പോൾ മേശപ്പുറത്തു വയ്ക്കുവാൻ കഴിയില്ല. ..... (ബഹളം) .....

ശ്രീ. ഈ കെ. നായനാർ : ഇത് ഇഷ്ടംപോലെ മറുപടി പറയാനുള്ള കാര്യമല്ല. ഇത് നിയമസഭയോടാണ്. ഇതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയട്ടെ. ആറുമാസം കഴിഞ്ഞു, റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കാൻ പററില്ലെന്ന് പറഞ്ഞാലെങ്ങനെയാണ് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്ബ്) : റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കണമോ വേണ്ടയോ എന്നു ഗവൺമെൻറാണ് തീരുമാനിക്കേണ്ടത്. ഗവൺമെൻറിനു വേണമെങ്കിൽ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുകയോ വയ്ക്കാതിരിക്കുകയോ ചെയ്യാം. എല്ലാ റിപ്പോർട്ടുകളും മേശപ്പുറത്തു വയ്ക്കണമെന്നു നിർബന്ധവുമില്ല.

ശ്രീ. എൻ. സുന്ദരൻ നാടാർ : എല്ലാ റിപ്പോർട്ടുകളും മേശപ്പുറത്തു വയ്ക്കണമെന്നു നിർബന്ധമൊന്നുമില്ല. ഈ റിപ്പോർട്ടിനെ സംബന്ധിച്ചിടത്തോളം കാലഘട്ടത്തിനനുസരിച്ച് പഠിച്ച് മേശപ്പുറത്ത് വയ്ക്കേണ്ട ആവശ്യമുണ്ടെങ്കിൽ വയ്ക്കാം ..... (ബഹളം) .....

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം നെല്ലിന്റെ ഉൽപ്പാദനം ഇരുപതു ശതമാനം കണ്ട് കുറഞ്ഞുപോയെന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട മന്ത്രിക്കു നിഷേധിക്കുവാൻ സാധിക്കുമോ ?

..... (ബഹളം) .....

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സാധാരണ ചോദ്യോത്തര വേളയിൽ ഉണ്ടാകുന്ന വാദപ്രതിവാദങ്ങളിൽ ഞാൻ ഇടപെടാറില്ല. ഒരു റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ അതിൻമേൽ ഗവൺമെൻറ് ഒരു തീരുമാനമെടുക്കണം. അതിനുശേഷമേ റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കുന്ന പ്രശ്നം വരുന്നുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ഇതിന്റെ കാലതാമസത്തെക്കുറിച്ചാണെങ്കിൽ ഗവൺമെന്റിനെ കുറ്റം പറയുന്നതിൽ തെറ്റില്ല. നിയമപരമായിട്ട് ഒരു റിപ്പോർട്ട് കിട്ടി, അതിനെക്കുറിച്ച് പഠിച്ച് തീരുമാനമെടുത്തതിനുശേഷമേ മേശപ്പുറത്തു വയ്ക്കുകയുള്ളൂ. ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി പറഞ്ഞത്, ഗവൺമെന്റ് ആ റിപ്പോർട്ട് പഠിച്ചുകൊണ്ടിരിക്കുകയാണ്, അതിനുശേഷം മേശപ്പുറത്തു വയ്ക്കാമെന്നാണ്.

ശ്രീ. ബേബിജോൺ : ഇതുവരെ തീരുമാനമൊന്നുമെടുത്തില്ല. അഞ്ചു വർഷം കഴിഞ്ഞു. കഴിഞ്ഞ നിയമസഭയിൽ പറഞ്ഞു റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കാമെന്ന്. മേശപ്പുറത്തു വയ്ക്കാതിരുന്നതിനെ മുഖ്യമന്ത്രി ന്യായീകരിക്കുകയാണ്. ഇത് ഒരു ഹീനമായ പ്രവർത്തിയല്ലേ സർ ?

മി. ഡെപ്യൂട്ടി സ്പീക്കർ : മുഖ്യമന്ത്രി പറഞ്ഞത്, റിപ്പോട്ട് പരിശോധിച്ചതിനുശഷം മേശപ്പുറത്തു വയ്ക്കാമെന്നാണ്.

ശ്രീ. കെ. കരുണാകരൻ : ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞത്, റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കില്ലെന്നല്ല, പരിശോധിച്ചു കൊണ്ടിരിക്കുകയാണ്, അതിനെക്കുറിച്ച് ഒരു തീരുമാനമെടുത്തതിനുശേഷം വയ്ക്കാമെന്നാണ് പറഞ്ഞത്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

മണ്ണെണ്ണ, ഗോതമ്പ് എന്നിവയുടെ വില വർദ്ധനവ്

*39 ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. പി. പ്രഭാകരൻ :
,, കെ. ടി. കണാരൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :
,, എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 ജൂൺ ഒന്നു മുതൽ 1986 സെപ്റ്റംബർ 30 വരെ സംസ്ഥാനത്ത് ഗോതമ്പിന്റെയും മണ്ണെണ്ണയുടെയും വില എത്ര തവണ വർദ്ധിപ്പിച്ചു ;

(ബി) ഓരോ തവണയും വർദ്ധിപ്പിച്ചത് ഏതു തീയതി മുതൽ ; എത്ര വീതമാണെന്ന് വ്യക്തമാക്കാമോ ?

ക്ഷേമവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) 1982 ജൂൺ ഒന്നു മുതൽ 1986 സെപ്റ്റംബർ 30 വരെ സംസ്ഥാനത്ത് ഗോതമ്പിന്റെയും മണ്ണെണ്ണയുടെയും വില അഞ്ച് തവണ വീതം വർദ്ധിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly